LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ പ്രതിശീർഷ ജല ഉപയോഗം

19 (3959) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രതിശീർഷ ജല ഉപയോഗം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) മഴ തീരെക്കുറവുള്ള രാജസ്ഥാൻ, തമിഴ്നാട് മുതലായ സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ സംസ്ഥാനത്തിന്റെ ജലഉപയോഗം ഉയർന്ന നിരക്കിലുള്ളതാണെന്ന് കരുതുന്നുണ്ടോ ;

(സി) ജല ഉപയോഗത്തിന്റെ കാര്യത്തിൽ സംസ്ഥാനങ്ങളിൽ കേരളം എത്രാം സ്ഥാനത്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2001-ലെ കണക്കുകൾ പ്രകാരം കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കിയ ശുദ്ധജലവിതരണ പദ്ധതികൾ മുഖേന പ്രതിദിനം 648 ദശലക്ഷം ലിറ്റർ ശുദ്ധജലം നൽകുന്നുണ്ട്. ഇത് കേരളത്തിലെ ശരാശരി 62.87% ജനങ്ങൾക്ക് പ്രയോജനം ചെയ്യുന്നുണ്ടെന്നാണ് ഏകദേശ കണക്ക്. ഇതു പ്രകാരം 1,97,40,800 പേർക്ക് പ്രയോജനം ലാഭിക്കുന്നു. ആയതിനാൽ കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ പ്രതിശീർഷ പ്രതിദിന ഉപയോഗം 33 ലിറ്ററാണ്.

(ബി) രാജസ്ഥാൻ, തമിഴ്നാട് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ജലലഭ്യത കൂടുതലാണ്. അതുമാത്രമല്ല, കേരളത്തിലെ ജനങ്ങളുടെ ജീവിത നിലവാരവും ശുചിത്വവും വളരെ മെച്ചപ്പെട്ടതാണ്. ഇക്കാരണങ്ങളാൽ കേരളത്തിൽ ജല ഉപയോഗം ഉയർന്ന നിരക്കിലാണ്.

(സി) ആധികാരികമായ വിവരം ഇക്കാര്യത്തിൽ ലഭ്യമല്ല.

പൊതുടാപ്പുകൾ സൗജന്യമായി സ്ഥാപിക്കുവാൻ നടപടി

20 (3960) ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. റ്റി. ബാലകൃഷ്ണൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗര പ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും പൊതു വാട്ടർ ടാപ്പുകൾ സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ എന്തെങ്കിലും ചാർജ്ജ് നൽകേണ്ടതുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര വീതം എന്ന് പറയാമോ ;

(സി) പൊതുജനങ്ങൾക്ക് വെള്ളം ലഭിക്കുന്നതിനുവേണ്ട പൊതുടാപ്പുകൾ സൗജന്യമായി സ്ഥാപിക്കുമോ ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) പുതിയ ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കുമ്പോൾ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള പൊതുടാപ്പുകൾ സ്ഥാപിക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നും ചാർജൊന്നും ഈടാക്കുന്നില്ല. എന്നാൽ പദ്ധതി കമ്മീഷൻ ചെയ്തതിനുശേഷം കൂടുതലായി പൊതു ടാപ്പുകൾ സ്ഥാപിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യപ്പെട്ടാൽ അവ സ്ഥാപിക്കുന്നതിനുവേണ്ടി വരുന്ന തുക ഇതിനുവേണ്ടി തയ്യാറാക്കുന്ന എസ്റ്റിമേറ്റിൻ പ്രകാരം ഈടാക്കുന്നുണ്ട്. ഇതിനായി ക്ലിപ്തമായ ഒരു തുക നിശ്ചയിച്ചിട്ടില്ല.

(സി&ഡി) ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കുമ്പോൾ അവയിൽ വിഭാവനം ചെയ്തിട്ടുള്ള പൊതുടാപ്പുകൾ സൗജന്യമായിട്ടാണ് കേരള വാട്ടർ അതോറിറ്റി സ്ഥാപിച്ചുവരുന്നത്. ഇതിനുപുറമേ കൂടുതൽ ടാപ്പുകൾ സ്ഥാപിക്കേണ്ടിവരുന്നതിനുള്ള ചെലവ് മാത്രമാണ് ഇപ്പോൾ തദ്ദേശസ്ഥാപനങ്ങളിൽ നിന്നും ഈടാക്കിവരുന്നത്. ഇതുകൂടി സൗജന്യമാക്കാൻ കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക നില അനുവദിക്കുന്നില്ല.

സ്വജൽധാര പദ്ധതി

21 (3961) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 'സ്വജൽധാര പദ്ധതി' നടപ്പിലാക്കുവാൻ എത്ര അപേക്ഷകൾ ലഭിച്ചു ;

(ബി) ഈ പദ്ധതി പ്രകാരം ത്രിതലപഞ്ചായത്തുകൾ നടപ്പിലാക്കുന്നവ എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 'സ്വജൽധാര പദ്ധതി' നടപ്പിലാക്കുവാൻ നാളിതുവരെ 554 പ്രൊപ്പോസലുകൾക്കുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) കേന്ദ്രസർക്കാർ 2002-03 സാമ്പത്തിക വർഷത്തിൽ 120 സ്വജൽധാര പദ്ധതികൾക്ക് അംഗീകാരം നൽകി. ഇവ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ എടുത്തുവരുന്നു. കേന്ദ്ര സർക്കാരിന്റെ പുതിയ മാർഗ്ഗനിർദ്ദേശ പ്രകാരം ഈ പദ്ധതി നടപ്പിലാക്കുന്നത് ജില്ലാതല നിർവ്വഹണ ഏജൻസിയായ

LIBRARY ARCHIVES Kerala Legislative Assembly